214 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൊത്തം 247 കോടി രൂപയോളം ചെലവു വരുന്ന ഈ പദ്ധതിമൂലം മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട 4.1 ഹെക്ടർ വനഭൂമി പോകും. ഇത്രയും നല്ലൊരു പദ്ധതി ഉണ്ടാകുമ്പോൾ വെറും 4.1 ഹെക്ടർ വനഭൂമി മുങ്ങിപ്പോകുന്നതിനെയാണ് ചില കേന്ദ്രങ്ങളിൽ നിന്നും എതിർക്കുന്നത്. അത് നിർഭാഗ്യകരമാണെന്നു മാത്രമേ എനിക്ക് പറയുവാനുള്ളൂ. പിന്നെ ഇതുണ്ടായാൽ അവികസിത പ്രദേശത്തെല്ലാം നല്ല വോൾട്ടേജിൽ ഇലക്ട്രിസിറ്റി നൽകുന്നതിനും വ്യാവസായികമായും ഡൊമസ്റ്റിക്കായിട്ടുമുള്ള ഇലക്ട്രിസിറ്റി സപ്ലൈയ്ക്കും വളരെ അധികം സഹായകമാകും ഒരു പ്രാദേശിക സംതുലിതാവസ്ഥയ്ക്കും ഇങ്ങനെയുള്ള പദ്ധതികളുണ്ടാകേണ്ടത് ആവശ്യമാണ്. അവിടെ മറ്റ് അനുബന്ധ ഘടകങ്ങളായ ഡാം, ടണൽ, പെൻസ്റ്റോക്ക്, റോഡുകൾ ഇവയെല്ലാം ഉൾപ്പെടുത്തുമ്പോൾ അൽപ്പം ഭൂമി ഉപയോഗിക്കേണ്ടി വരും എന്ന് മാത്രമേയുള്ളൂ. പാത്രക്കടവ് പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ ഒന്നാം ഘട്ട അനുമതി 12-9-2003-ൽ ലഭിക്കുകയുണ്ടായി. രണ്ടാം ഘട്ട അനുമതി ലഭിക്കുന്നതിലേയ്ക്കായി പാരിസ്ഥിതിക ആഘാതപഠനവും 21-5-2004-ൽ കേരളാ സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡ് പൊതുവിചാരണയും നടത്തുകയുണ്ടായി. ഇവയുടെ അടിസ്ഥാനത്തിൽ സമഗ്ര പരിസ്ഥിതി പഠന റിപ്പോർട്ട് തയ്യാറാക്കി പരിസ്ഥിതി അനുമതിക്കായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനും വനഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി വനം വകുപ്പിനും 2004 സെപ്റ്റംബർ മാസത്തോടെ സമർപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇവ ലഭ്യമായാൽ ഉടൻ തന്നെ പദ്ധതി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുവാനാണ് ഉദ്ദേശിക്കുന്നത്. പൊതു വിചാരണ നടത്തിയ രീതിയെ വിമർശിച്ചുകൊണ്ടും പദ്ധതി നടപ്പാക്കുന്നതിനെതിരെ എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ടും വിവിധ കേന്ദ്രങ്ങളിൽ നിന്ന് അനേകം നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. അവയും വിശദമായി പരിശോധിക്കുന്നതാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള : ഈ പദ്ധതി ഏറെക്കുറെ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. കടവൂർ ശിവദാസൻ : കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടിയാലുടൻ എസ്റ്റിമേറ്റ്, തയ്യാറാക്കുന്നതിനും ടെണ്ടർ നടപടിക്കുമുള്ള പ്രൊസീഡിംഗ്സ് ആരംഭിക്കാം. ഇലക്ട്രിസിറ്റി ബോർഡിന്റെ ഭാഗത്തുനിന്നും ഒരു താമസവും ഉണ്ടാവില്ല.

IV. സബ്മിഷൻ

(1) തൃശൂർ നിയോജകമണ്ഡലത്തിലെ ചെമ്പിശ്ശേരി മേൽപ്പാലത്തിന്റെ പണി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, തൃശ്ശൂർ നിയോജകമണ്ഡലത്തിലെ പാമ്പൂർ-ചെമ്പിശ്ശേരി മേൽപ്പാലത്തിന്റെ നിർമ്മാണം ഒരു വർഷത്തിനകം പൂർത്തീകരിക്കും എന്ന പ്രഖ്യാപനത്തോടെയാണ് 2001 സെപ്റ്റംബറിൽ ആരംഭിച്ചത്. വളരെയേറെ കാലതാമസത്തിനുശേഷം പണി ഏതാണ്ട് പൂർത്തീകരിക്കുന്ന ഘട്ടത്തിൽ എത്തിയപ്പോഴാണ് കഴിഞ്ഞ മാർച്ച് മാസത്തിൽ സ്ലാബ് തകർന്നുവീണ് മൂന്ന് തൊഴിലാളികൾ മരിച്ചത്. മാസങ്ങൾ മൂന്ന് കഴിഞ്ഞിട്ടും ഇതുവരെയും തകർന്ന സ്ലാബുകൾ മുറിച്ചു മാറ്റുകയോ പണി പുനരാരംഭിക്കുകയോ

10.30 a.m.]

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടില്ല. തൻമൂലം തദ്ദേശവാസികൾക്കുണ്ടാകുന്ന യാത്രദുരിതങ്ങളും വെള്ളക്കെട്ടുകൾ മൂലമുള്ള ബുദ്ധിമുട്ടുകളും അവസാനിപ്പിച്ച് ചെമ്പിശ്ശേരി മേൽപ്പാലത്തിന്റെ പണി ഉടനടി പുനരാരംഭിക്കാൻ വേണ്ട സത്വരനടപടി കൈക്കൊള്ളണമെന്ന് ഞാൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം.കെ. മുനീർ): സർ, റെയിൽവേ മേൽപ്പാലത്തിന്റെ പണി 2003 ആഗസ്റ്റിൽ മാത്രമാണ് ആരംഭിക്കാൻ സാധിച്ചത്. റെയിൽവേ സുരക്ഷാ കമ്മീഷണറുടെ അനുമതി ലഭിക്കാത്തതുകൊണ്ടാണ് റെയിൽവേ മേൽപ്പാലത്തിന്റെ പണിക്ക് കാലതാമസം ഉണ്ടായത്. പക്ഷേ അപ്രോച്ച് റോഡിന്റെ പണികളിൽ സിംഹഭാഗവും പൂർത്തിയായിട്ടുണ്ട്. മേൽപ്പാലത്തിന്റെ പണി ത്വരിതഗതിയിൽ നടന്നു വരവേ 2004 മാർച്ച് മാസം 16-ാം തീയതി പാലത്തിന്റെ ഗട്ടർ തകർന്നു വീഴുകയും കരാർ സ്ഥാപനത്തിലെ മൂന്ന് തൊഴിലാളികൾ മരിക്കാൻ ഇടയാവുകയും ചെയ്തു. തുടർന്ന് പണികൾ തടസ്സപ്പെട്ടു. ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ സർക്കാർ ഉടനെ ഉത്തരവാകുകയും ഇതിനായി നിയോഗിച്ച കമ്മീഷൻ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് സർക്കാർ ഇപ്പോൾ പരിശോധിച്ചു വരുകയാണ്. കരാർ ഏറ്റിരുന്ന സ്ഥാപനത്തിന് ശേഷിക്കുന്ന പണികൾ ചെയ്യാൻ കഴിയാത്തതുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ പുന:ക്രമീകരണം നടത്തി അവശേഷിക്കുന്ന പണികൾ മറ്റൊരു കരാറുകാരനെക്കൊണ്ട് ചെയ്തു തീർപ്പിക്കുന്നതിനുള്ള നടപടി എടുത്തു കഴിഞ്ഞു. അപ്രോച്ച് റോഡിന്റെ പണികൾ പൂർത്തിയായി. 2005 മാർച്ച് മാസത്തോടെ മേൽപ്പാലം ഗതാഗതയോഗ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(2) മായന്നൂർ പാലം പണി

ശ്രീ. വി. സി. കബീർ : സർ, 24 കൊല്ലം മുൻപ് ഈ നിയമസഭയിൽ ആദ്യമായി ഞാൻ വന്നപ്പോൾ ആവശ്യപ്പെട്ട ഒരു കാര്യമാണ് വീണ്ടും ഉന്നയിക്കുന്നത്. ഇപ്പോഴത്തെ മരാമത്ത് വകുപ്പുമന്ത്രിയുടെ പിതാവ് പൊതുമരാമത്ത് വകുപ്പ് മന്ത്രിയായിരുന്നപ്പോൾ ആരംഭിച്ച ഫയലിന്റെ അന്ത്യം കുറിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഒറ്റപ്പാലം-മായന്നൂർ പാലം വളരെക്കാലമായി ഈ സഭയിൽ ഉന്നയിക്കുന്നതാണ്. എന്റെ സ്നേഹിതൻ ചേലക്കര എം.എൽ.എ. ശ്രീ. രാധാകൃഷ്ണനും ഞാനും കഴിഞ്ഞ പ്രാവശ്യം ഗവൺമെന്റിൽ ഉണ്ടായിരുന്നപ്പോൾ പാലം പണി ആരംഭിച്ചു. വളരെ ഗംഭീരമായി സമാപിക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്തു. നിർഭാഗ്യമെന്ന് പറയട്ടെ, ഒറ്റപ്പാലം-മായന്നൂർ പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഒച്ചിന്റെ വേഗതയിലാണ് നടക്കുന്നത്. അതുകൊണ്ട് ഞങ്ങൾ രണ്ട് പേരുംകൂടി അവിടത്തെ ജനങ്ങളുടെ പേരിൽ അപേക്ഷിക്കുന്നു, അങ്ങയുടെ പിതാവിന്റെ കാലത്ത് ആരംഭിച്ച ആ പാലം പണി അങ്ങയുടെ കാലത്ത്, ഈ രണ്ടു കൊല്ലത്തിനകമെങ്കിലും പൂർത്തിയാക്കി, അതിന്റെ ഉദ്ഘാടനം നിർവ്വഹിക്കാൻ അവസരമുണ്ടാക്കണം. അതിന് ആവശ്യമായ ഫണ്ട് എവിടെനിന്നെങ്കിലും കണ്ടെത്തി പാലം പണി പൂർത്തിയാക്കിത്തരണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly